## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2565** **12-10-2021 - ൽ മറുപടിയ്ക്ക്**

## മലയോര ഹൈവേയുടെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി പൂക്കോട്ടുംപാടം മുതൽ കാറ്റാടിക്കടവ് പാലം വരെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട മലയോര-ഹൈവേയുടെ ഭാഗമായി നിലമ്പൂർ ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ വരുന്ന പൂക്കോട്ടുപാടം മുതൽ കാറ്റാടിക്കടവ് പാലം വരെയുള്ള (FIRST REACH) ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | എ പോളിന്റെ ദൗർലഭ്യം നിമിത്തം ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. കരുളായി സെക്ഷനിൽ 7.85 കി. മി ദൂരത്തിനകത്ത് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടിടത്ത് 5 കി. മി ദൂരത്തിനകത്തുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചുകഴിഞ്ഞു. മറ്റ് സെക്ഷനുകളിലും (പൂക്കോട്ടുപാടം, മൂത്തേടം) പ്രവൃത്തി നടന്നു വരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മൂത്തേടം സെക്ഷനിൽ 147 ഉം കരുളായി സെക്ഷനിൽ 272 ഉം പൂക്കോട്ടുപാടം സെക്ഷനിൽ 83 ഉം പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കേണ്ടത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അവശ്യം വേണ്ട എ പോളുകൾ ലഭ്യമാക്കി വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി പ്രകാരം എത്ര പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കേണ്ടതെന്നും എ ടൈപ്പ് പോസ്റ്റുകളുടെ ലഭ്യതക്കുറവാണോ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സമെന്നും അറിയിക്കാമോ; | (സി) | എ പോളിന്റെ ദൗർലഭ്യം നിമിത്തം ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. കരുളായി സെക്ഷനിൽ 7.85 കി. മി ദൂരത്തിനകത്ത് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടിടത്ത് 5 കി. മി ദൂരത്തിനകത്തുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചുകഴിഞ്ഞു. മറ്റ് സെക്ഷനുകളിലും (പൂക്കോട്ടുപാടം, മൂത്തേടം) പ്രവൃത്തി നടന്നു വരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മൂത്തേടം സെക്ഷനിൽ 147 ഉം കരുളായി സെക്ഷനിൽ 272 ഉം പൂക്കോട്ടുപാടം സെക്ഷനിൽ 83 ഉം പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കേണ്ടത്. പ്രവൃത്തി സമയബ- |

| | | | |
|---|---|---|---|
| | | | ന്ധിതമായി പൂർത്തീകരിക്കുന്നതിന് അവശ്യം വേണ്ട എ പോളുകൾ ലഭ്യമാക്കി വരുന്നു. |
| (ഡി) | പൂക്കോട്ടുംപാടം മുതൽ കാറ്റാടിക്കടവ് പാലം വരെയുള്ള മലയോര ഹൈവേ നിർമ്മാണം അവസാന ഘട്ടത്തിലായ സ്ഥിതിക്ക് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ എ ടൈപ്പ് പോസ്റ്റുകൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരി-ക്കുന്നതിന് അവശ്യം വേണ്ട എ പോളുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ